**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 449** **23-07-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം തേര കോളനി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസനത്തിന് അനുമതി ലഭിച്ചിട്ടുള്ള തേര ആദിവാസി കോളനിയിലെ റോഡ് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്ന് അനുമതി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോതമംഗലം മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസനത്തിന് അനുമതി ലഭിച്ചിട്ടുള്ള തേര ആദിവാസി കോളനിയിലെ റോഡ് നിർമ്മാണത്തിന് വനം വകുപ്പിൽ നിന്ന് അനുമതി ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിലുള്ള റോഡിന്റെ കോൺക്രീറ്റിംഗിന് വനം വകുപ്പിൽ നിന്ന് അനുമതി നേടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അനുമതി വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | കല്ലേലിമേട് - തേര ആദിവാസി കോളനി റോഡ് കോൺക്രീറ്റിംഗിന് വനാവകാശ നിയമപ്രകാരം അനുവതി ആവശ്യപ്പെട്ടുകൊണ്ട് യൂസർ ഏജൻസിയായ മൂവാറ്റുപുഴ ട്രൈബൽ ഓഫീസറുടെ അപേക്ഷ മലയാറ്റൂർ ഡിവിഷനിൽ ലഭിച്ചിരുന്നു. റോഡ് കോൺക്രീറ്റിംഗ് സംബന്ധിച്ച തീരുമാനം, തേര കോളനിയുടെ ഊരുകൂട്ടത്തിൽ വനാവകാശ നിയമം, അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണോ എടുത്തിട്ടുള്ളത് എന്നുള്ളത് അറിയുവാൻ യൂസർ ഏജൻസിയോട് 17/03/2021 ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 12/07/2021 ന് മാത്രമാണ് യൂസർ ഏജൻസിയിൽ നിന്ന് റിപ്പോർട്ട് ലഭ്യമായത്. ആയതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധനകൾ നടത്തി തുടർ തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | വിവിധ വികസന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ള തേര ആദിവാസി കോളനിയിൽ പ്രസ്തുത റോഡ് നിർമ്മാണം പൂർത്തിയാകാതെ മറ്റ് വികസന പ്രവർത്തനങ്ങൾ സാധ്യമാകില്ല എന്നതിനാൽ റോഡ് നിർമ്മാണത്തിനുള്ള അനുമതി അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വനാവകാശ നിയമം, അനുബന്ധ നിയമങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കല്ലേലിമേട്- തേര കോളനി റോഡ് കോൺക്രീറ്റിംഗുമായി ബന്ധപ്പെട്ട് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ